(c) No new connection has been given during 1121 to 1123.
(d) Yes.
(e) The parties have been informed that their names have been registered for consideration in the order of priority when facilities become available.

MR. PAUL THALIAT : അവിടെ സ്ഥാപിച്ച ടെലഫോൺ ബോർഡിലെ കുറവുകൊണ്ടാണോ ഈ കണക്ഷൻ കൊടുക്കാൻ സാധിക്കാതെ വന്നത്?

HON'BLE MR. A. ATCHUTHAN : ബോർഡിൽ സ്ഥലം ഇല്ലാത്തതും മെറ്റീരിയൽസ് ഇല്ലാത്തതും കൊണ്ടാണ് അതു സാധിക്കാതെ വന്നത്.

MR. PAUL THALIAT : അതിന് നിവാരണമാർഗ്ഗം ഉണ്ടാക്കാമോ?

HON'BLE MR. A. ATCHUTHAN : അതേപ്പറ്റി ആലോചിച്ചു വരികയാണ്.

Travancore Bank Ltd.

194. MR. PAUL THALIAT : Will the Honourable Minister for Registration be pleased to state :

(a) the names of the Directors of the Travancore Bank Ltd., and the number of shares taken by each of them ; and

(b) the number among them who are Travancoreans and non-Travancoreans respectively ?

HON'BLE MR. T. M. VARGHESE : ആകെ ഫ ഡയറക്ടർമാരാണ് ബാങ്കിനുള്ളത്. അവരുടെ പേരുവിവരം താഴെ കൊടുക്കുന്നു.

		ഓരോരുത്തരുടെയും കൈവശമുള്ള ഷെയറുകളുടെ എണ്ണം
ഫ.	രാജ്യസേവാനിരതൻ	
	എസ്സ്. ചട്ടനാഥകരയാളർ	ൿ,൯൦൦
ൿ.	എൻ. കൃഷ്ണയ്യർ	ഫ,൯൦൦
൯.	എസ്സ്. നാരായണയ്യർ	൪൦
൪.	കെ. വി. മാത്യു	ൻ൦൦
൪.	വി. ശേഷശായി	ൻ൦൦
ന.	ഷാപ്പൂർജി പല്ലോൺജി മിസ്ത്രി	ൻ൦൦
൭.	ഷൂർജി വല്ലഭോസ്	ൻ൦൦
വ.	എൻ. രംഗനാഥൻ	ൻ൦൦
ൻ.	ഗോവിന്ദലാൽ ശിവലാൽ മോട്ടിലാൽ	ൻ൦൦
ഫ൦.	അബ്ദുള്ളാഭായി എം. ഭഗവൻ	ഫ,൦൦൦
ഫഫ.	സി. എസ്. രത്നസഭാപതി മുതലിയാർ	ൻ൦൦

LIBRARY ARCHIVES Kerala Legislative Assembly

Page 1

[Hon'ble Mr. T. M. Varghese]

(ബി) അതുകെയുള്ള ഫുഡ ഡയറക്ടർമാരിൽ നാലുപേർ തിരുവിതാംകൂർകാരും, ഏഴുപേർ തിരുവിതാംകൂറിനു പുറമേയുള്ളവരുമാണ്.

MR. PAUL THALIAT : നാലുപേർ തിരുവിതാംകൂർകാരും, ബാക്കിയുള്ള ഏഴുപേർ തിരുവിതാംകൂറിനു പുറത്തുള്ളവരും ഡയറക്ടർമാരുമായിരിക്കുന്ന ഈ ബാങ്ക് തിരുവിതാംകൂറിന്റെ ഗുണത്തെ ലാക്കാക്കി പ്രവത്തിക്കുമെന്നു ഗവണ്മെൻറിനു ബോധ്യമുണ്ടോ?

HON'BLE MR. T. M. VARGHESE : അതു ബാങ്കിന്റെ പ്രവത്തനത്തെ ആശ്രയിച്ചാണിരിക്കുന്നത്.

MR. PAUL THALIAT : എങ്കിലും ബാങ്കുകൊണ്ട് കൂടുതൽ ഗുണം ലഭിക്കുന്നതു തിരുവിതാംകൂറിനാണെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ?

HON'BLE MR. T. M. VARGHESE : അതിനെപ്പറ്റി ഇപ്പോൾ പറയാൻ നിവൃത്തിയില്ല. ബാങ്കിലെ ഡയറക്ടർമാരിൽ അധികംപേരും തിരുവിതാംകൂറിനു പുറത്തുള്ളവരായതുകൊണ്ട് ഈ രാജ്യത്തേക്കു ഗുണം കുറയുമെന്നു വിചാരിക്കുന്നതു എപ്പോഴും ശരിയായിരിക്കയില്ല.

MR. K. R. ELANKATH (*Trivandrum IV—General*) : തിരുവിതാംകൂർ ഗവണ്മെൻറിന് ഈ ബാങ്കിൽ എന്തു ഷെയർ ഉണ്ടെന്നു പറയുമോ?

HON'BLE MR. T. M. VARGHESE : സൂക്ഷ്മം പറയണമെങ്കിൽ അതേപ്പറ്റി ശരിയായി അന്വേഷിക്കണം. അതുകെ രണ്ടുകോടിരൂപാ ഓഹരി മൂലധനമുണ്ട്. അതിൽ ഒരുകോടി രൂപാ പിരിഞ്ഞിട്ടുണ്ട്. തിരുവിതാംകൂർ ഗവണ്മെൻറിനും അതിൽ ഷെയർ ഉണ്ട്. എത്രയുണ്ടെന്ന് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

MR. K. R. ELANKATH : ഉദ്യോഗികകാര്യങ്ങൾക്കു വേണ്ടി ടഷ്പറി ബിസിനസ്സുകൂടി ബാങ്കിനു കൊടുത്തിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE : ഇല്ല.

MR. PAUL THALIAT : ഗവണ്മെൻറ് ബാങ്കിൽ ഡിപ്പോസിറ്റു ചെയ്തിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE : അതിനു നോട്ടീസു വേണം.

MR. P. T. CHACKO : ബാങ്കിൽ ജോലിക്കാരായി തിരുവിതാംകൂർകാരെ നിയമിച്ചിട്ടുണ്ടോ?

HON'BLE MR T. M. VARGHESE: ഉണ്ട്. എത്രപേരുണ്ടെന്ന് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly